അവസരം കൊടുക്കുക എന്ന ശ്രമകരമായ ദൗത്യമാണ് പോലീസ് അവിടെ ചെയ്യുന്നത്. ഇപ്പോഴുണ്ടായത് ഈ ദൗത്യത്തിനിടയിലുണ്ടായ ഒറ്റപ്പെട്ട ഒരു സംഭവമാണ്. അനിയന്ത്രിതമായ തിരക്ക് ഉണ്ടാകുന്ന അവസരങ്ങളിൽ പോലീസ് ഇടപെടുക അത്യന്താപേക്ഷിതമാണ്. അല്ലെങ്കിൽ വലിയ അപകടങ്ങൾക്ക് സാധ്യതയുണ്ട്. ശബരിമലയിൽ ലാത്തി ഉപയോഗിക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്തജനങ്ങളെ നിയന്ത്രിക്കുന്നതിനിടയിൽ ലാത്തി ആവശ്യമില്ല എന്നുള്ളതുകൊണ്ട് ഡ്യൂട്ടിക്കായി ലാത്തി നൽകിയിട്ടുമില്ല. ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ തിരക്ക് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ഉണ്ടാക്കുന്നതാണ്. ഓരോ ഡ്യൂട്ടിക്കും മുമ്പായി ചുമതല ഏൽക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇത് സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകി അയയ്ക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

4 ഗൺ ലൈസൻസ്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ വനമേഖലയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ നൂറുകണക്കിന് കർഷക കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവർ നിരന്തരമായി കാട്ടാന, കാട്ടുപോത്ത്, പന്നി, കുരങ്ങ് ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു. ഇത്തരം മേഖലകളിൽ സ്വയരക്ഷയ്ക്കുവേണ്ടി കർഷകർക്ക് ഗൺ ലൈസൻസുകൾ നൽകി വരുന്നുണ്ട്. അത് കാലാകാലങ്ങളിൽ പുതുക്കി നൽകുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ ഗൺ ലൈസൻസുള്ള കർഷകരാരും ക്രിമിനൽ പശ്ചാത്തലമുള്ളവരായി ഇതുവരെ ആക്ഷേപമുയർന്നിട്ടുമില്ല. കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് കാലത്ത് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടതനുസരിച്ച് ലൈസൻസുള്ള മുഴുവൻ തോക്കും സറണ്ടർ ചെയ്തു. ഈ തോക്കുകൾ തിരിച്ചുനൽകുന്നതിനോ ലൈസൻസ് പുതുക്കി നൽകുന്നതിനോ ജില്ലാ ഭരണകൂടം തയ്യാറാകാത്തത് വലിയ അമർഷത്തിന് ഇടയാക്കിയിട്ടുണ്ട്. ഈ വിഷയം ഗൗരവപൂർവ്വം പരിഗണിച്ച് സറണ്ടർ ചെയ്ത മുഴുവൻ തോക്കുകളും തിരിച്ചുനൽകുന്നതിനും ലൈസൻസുകൾ പുതുക്കി നൽകുന്നതിനും അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കാസർഗോഡ് ജില്ലയിലുള്ള സംഭവം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട കുഞ്ഞിരാമൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. തോക്ക് നൽകുന്നതിന് ചില നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. നിലവിൽ ഗൺ ലൈസൻസ് പുതുക്കുന്നതിന് ഫോറസ്റ്റ്, പോലീസ്, റവന്യൂ വിഭാഗങ്ങളിലെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഈ മൂന്നുവകുപ്പിന്റെയും എൻ.ഒ.സി.യോടുകൂടി ലഭിക്കുന്ന റിപ്പോർട്ട് പരിഗണിച്ചാണ് ജില്ലാ ഭരണകൂടം ലൈസൻസ് പുതുക്കി നൽകുന്നത്. കാസർഗോഡ് ജില്ലയിലെ 16 പോലീസ് സ്റ്റേഷനുകൾ ഉള്ളതിൽ നാല് പോലീസ് സ്റ്റേഷനുകൾ ഒഴികെ മറ്റെല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷനുകളും വനമേഖലയോട് ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ ഉള്ളവയാണ്. വനമേഖലയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ 1020 Arms licence നിലവിലുണ്ട്. അതിൽ 252 എണ്ണം പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. 152 അപേക്ഷകൾ പരിശോധിച്ചതിൽ തോക്ക് കൈവശം വയ്ക്കുന്ന ആളുകൾക്ക് തോക്ക് കൈവശം വയ്ക്കത്തക്ക തരത്തിലുള്ള സുരക്ഷാ ഭീഷണിയൊന്നും ഇല്ലാത്തവരും വനമേഖലയിൽനിന്നും പത്ത് കിലോമീറ്റർ മാറിത്താമസിക്കുന്നവരും പ്രായമായി കാഴ്ചശക്തി കുറഞ്ഞ് ക്ഷീണിതരായവർ ആയതിനാലുമാണ് അവരുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതെന്നാണ് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ട്. 85 അപേക്ഷകൾ അന്വേഷണ അവസ്ഥയിലാണ്. 16 അപേക്ഷകളിന്മേൽ യോഗ്യരായ ആളുകൾ ആയതിനാൽ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്, ആർക്കും ലൈസൻസ് പുതുക്കി നൽകാത്ത പ്രശ്നം അവിടെ നിലനിൽക്കുന്നില്ല. ഓരോന്നും പരിശോധിച്ചുകൊണ്ട് അർഹതയുള്ളവർക്ക് കൊടുത്തുവരുന്നുണ്ട്. കാസർകോഡ് ജില്ലയിൽ ആകെ 1023 പേർക്ക് തോക്ക് ലൈസൻസുണ്ട്. അതിൽ 316 എണ്ണം പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. 24 എണ്ണം ശുപാർശ ചെയ്തിട്ടുണ്ട്. 112 അപേക്ഷകൾ വിവിധ കാരണങ്ങളാലാണ് ശുപാർശ ചെയ്യാതിരുന്നിട്ടുള്ളത്. 108 അപേക്ഷകൾ അന്വേഷണാവസ്ഥയിലാണുള്ളത്. വനമേഖലയിൽ മാത്രമല്ല മറ്റ് സ്ഥലങ്ങളിലും പോലീസിന്റെയും മറ്റ് ഡിപ്പാർട്ട്മെന്റുകളുടെയും അന്വേഷണത്തിൽ ആയുധം കൈവശം വയ്ക്കാൻ യോഗ്യരല്ലാത്ത ആളുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ജില്ലയിൽ തോക്ക് മുതലായ ആയുധങ്ങൾ സാമൂഹ്യ വിരുദ്ധരുടെ കൈയിൽ എത്തിപ്പെടാനും അത് ദുരുപയോഗം ചെയ്യാനും സാധ്യതയുള്ളതിനാൽ ആയുധ ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും വിശദമായ അന്വേഷണം നടത്തണമെന്ന് ഇത് സംബന്ധിച്ച് വിവിധ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റും ഒരു കത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ട് ആരുടെയും അപേക്ഷകൾ മനഃപൂർവ്വം നിരസിക്കുവാൻ പാടില്ല. നോംസ് അനുസരിച്ച് ലഭിക്കുന്ന അപേക്ഷകൾ എല്ലാം പുതുക്കി നൽകുന്നുണ്ട്. അത് സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഗവൺമെന്റ് ഇടപെടുന്നതായിരിക്കും. 5-5-2010-ൽ ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് സർക്കാർ ഇടപെടുകയും ചെയ്തിട്ടുണ്ട്.

5 സ്പെഷ്യൽ റൂൾസ് പ്രകാരം നിയമനങ്ങൾ നടത്താൻ നടപടി

ശ്രീ. എം. മുരളി : സർ, സംസ്ഥാന ഹയർ സെക്കണ്ടറി വകുപ്പിൽ അദ്ധ്യാപക നിയമനത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 2001-ൽ നിയമസഭ അംഗീകരിച്ച സ്പെഷ്യൽ റൂൾസ്,

LIBRARY ARCHIVES Kerala Legislative Assembly